(എ) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ വ്യവസായം നടത്തുന്നവർ വൻകിട വ്യവസായികളാണോ;

(ബി) അവിടെ വ്യവസായം നടത്തുന്നവർക്ക് ബന്ധപ്പെട്ട വ്യവസായ ശാലയിൽ ഭൂമി നൽകുന്നത് സംബന്ധിച്ച നടപടികൾ ആരംഭിച്ചത് എന്നു മുതലാണ്;

(സി) ഓരോ വ്യവസായിയും ഇതുവരെ വാടകയിനത്തിൽ നൽകിയിട്ടുള്ള തുക അവർ ഉപയോഗിക്കുന്ന കെട്ടിടത്തിന്റേയും ഭൂമിയുടേയും വിലയ്ക്ക് തുല്യമാകുമോ;

(ഡി) ഭൂമി അവർക്ക് നൽകുമ്പോൾ അവർ നൽകിയിട്ടുള്ള വാടക കെട്ടിടത്തിന്റേയും ഭൂമിയുടെയും വിലയുടെ എത്ര ശതമാനമായാണ് കണക്കാക്കുന്നത്;

(ഇ) ബാക്കി തുക ഭൂമിയുടെയും കെട്ടിടത്തിന്റെയും ഇന്നത്തെ വില കണക്കാക്കിയാണോ വാങ്ങുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സിഡ്കോയുടെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ വ്യവസായം നടത്തുന്നവർ വൻകിട വ്യവസായികളല്ല.

(ബി) സിഡ്കോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഭൂമി നൽകുന്നതു സംബന്ധിച്ച് സിഡ്കോ നടപടികൾ ആരംഭിച്ചത് 1980-81 കാലയളവിലാണ്. അന്ന് താൽക്കാലിക വിലയ്ക്കാണ് ഭൂമി നൽകിയിരുന്നത്.

(സി) തുല്യമാവുകയില്ല.

(ഡി) 1-4-1995 മുതൽ 1-2-1996 വരെ കെട്ടിടവും സ്ഥലവും വാടകയ്ക്ക് ഉപയോഗിക്കുകയും ഈ കാലയളവിൽ വിലയ്ക്ക് ആവശ്യപ്പെടുകയും ചെയ്തിട്ടുള്ള യൂണിറ്റുകൾക്ക് അടച്ച വാടകയുടെ 75 ശതമാനം വിലയിൽ കുറവു ചെയ്താണ് കൊടുക്കുന്നത്.

(ഇ) ബാക്കി തുക കണക്കാക്കുന്നത് ഭൂമിയുടെയും, കെട്ടിടത്തിന്റെയും 1975-ലെ വിലയുടെ കൂടെ 6 ശതമാനം വാർഷിക വർദ്ധനവ് വരുത്തി ഇന്നത്തെ വില തിട്ടപ്പെടുത്തിയാണ് വാങ്ങുന്നത്. 1975-ലെ വില കണക്കാക്കുന്നത്. ഭൂമിയുടെയും ഷെഡ്ഡിന്റെയും വിലയിൽ വികസന ചെലവ് ഉണ്ടെങ്കിൽ അതും ചേർത്ത് 12½ ശതമാനം വർദ്ധനവ് വരുത്തി കിട്ടുന്ന തുകയിൽ നിന്നും വാടകയിനത്തിൽ കിട്ടിയ തുകയുടെ 75% കുറവ് ചെയ്യുകയും 1-4-1975 മുതൽ പണം അടയ്ക്കുന്ന നാൾ വരെ 6% അധികവില കണക്കാക്കിയും ആണ്. (സർക്കാർ ഉത്തരവ് നം. 41/05/വ്യവ—2-5-2005 അനുബന്ധമായി ചേർക്കുന്നു.)†

കഴക്കൂട്ടം—കോവളം എൻ. എച്ച്. ബൈപാസിനു സമീപം വ്യാവസായിക വികസനത്തിനായി അക്വയർ ചെയ്ത സ്ഥലം

49 [2186] ശ്രീ. കെ. സുധാകരൻ:
,, ലൂഡി ലൂയിസ്:
,, ഇ. എം. അഗസ്തി:
ഡോ. എം. എ. കുട്ടപ്പൻ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Page 1

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം-കോവളം എൻ. എച്ച്. ബൈപാസ്സിനു സമീപം വ്യാവസായിക വികസനത്തിനായി എത്ര ഏക്കർ വയലാണ് അക്വയർ ചെയ്തത്;

(ബി) ഈ സ്ഥലം വ്യവസായികൾക്ക് നൽകിയോ; എങ്കിൽ ആർക്കാണ് നൽകിയത്;

(സി) ഇവർ ഇവിടെ എന്നേക്ക് വ്യവസായമാരംഭിക്കുമെന്ന് കരുതുന്നു;

(ഡി) ഇവിടെ ആരംഭിക്കുന്ന വ്യവസായങ്ങളിൽ എത്ര പേർക്ക് തൊഴിൽ ലഭിക്കും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കഴക്കൂട്ടം-കോവളം എൻ. എച്ച്. ബൈപാസ്സിനു സമീപം ഐ.ടി. വ്യവസായ വികസനത്തിനായി 86 ഏക്കർ അക്വയർ ചെയ്തിട്ടുണ്ട്. അതിൽ ഏകദേശം 68 ഏക്കർ വയലാണ്.

(ബി) ഇതിൽ ഇൻഫോസിസിന് 50 ഏക്കറും ബാക്കി യു. എസ്. സോഫ്റ്റ്വെയറിനും കൊടുക്കാൻ തീരുമാനമായിട്ടുണ്ട്.

(സി) ലാൻഡ് ഡെവലപ്പ്മെൻറ് പൂർത്തിയായാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങും.

(ഡി) ഏകദേശം 10000-നും 20000-നും ഇടയിൽ തൊഴിലവസരങ്ങൾ പ്രതീക്ഷിക്കുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള വികസനത്തിന് ആവശ്യമില്ലാത്ത സ്ഥലം

50 [2187] പ്രൊഫ. എ. ഡി. മുസ്തഫ;
ശ്രീ. കെ. സി. ജോസഫ്:
" എം. കെ. പോക്കർ മാസ്റ്റർ:
" ടി. യു. രാധാകൃഷ്ണൻ:
" വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ളതും അവയുടെ വികസനത്തിനാവശ്യമില്ലാത്തതുമായ എത്ര സ്ഥലമുണ്ട്;

(ബി) ഈ സ്ഥലം എന്തു ചെയ്യുവാൻ ഉദ്ദേശിക്കുന്നു;

(സി) ഈ സ്ഥലം പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് എടുക്കുവാനുദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ അവർക്ക് അതിനുള്ള വില നൽകുമോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly